ഹദീസ്

സുബൈർ കുന്ദമംഗലം

# അല്ലാഹു തർക്കത്തിലേർപ്പെടുന്ന മൂന്ന് വിഭാഗങ്ങൾ

عَنْ أَبِي هُرَيْرَةَ - رضى الله عنه - عَنِ النَّبِيِّ صلى الله عليه وسلم قَالَ: قَالَ اللَّهُ عَزَّوَجَلَّ: ثَلاَثَةٌ أَنَا خَصْمُهُمْ يَوْمَ الْقِيَامَةِ. رَجُلٌ أَعْطَى بِي ثُمَّ غَدَرَ، وَرَجُلٌ بَاعَ حُرًّا فَأَكَلَ ثَمَنَهُ، وَرَجُلٌ اسْتَأْجَرَ أَجِيرًا فَاسْتَوْفَى مِنْهُ، وَلَمْ يُعْطِ أَجْرَهُ (رواه البخاري).

**അബൂഹുറയ്റ(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: അല്ലാഹു ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: 'അന്ത്യനാളിൽ മൂന്ന് പേരുമായി ഞാൻ വാഗ്വാദത്തിൽ ഏർപ്പെടുന്നതാണ്. എന്റെ പേരിൽ വാക്ക് നൽകുകയും പിന്നീടത് ലംഘിക്കുകയും ചെയ്തവൻ. സ്വതന്ത്രനെ വിറ്റ് അതിന്റെ വില ഭക്ഷിച്ചവൻ. കൂലിത്തൊഴിലാളിയെക്കൊണ്ട് പണിയെടുപ്പിച്ച ശേഷം അയാളുടെ പ്രതിഫലം നൽകാത്തവൻ' (ബുഖാരി).**

വാഗ്ദത്ത പാലനത്തിന് ഇസ്‌ലാം വലിയ പ്രാധാന്യം കൽപ്പിക്കുന്നു. വാഗ്ദത്ത ലംഘനം കപടവിശ്വാസിയുടെ ലക്ഷണമാണ്. അല്ലാഹുവോടും മനുഷ്യരോടുമുള്ള കരാറുകൾ നിറവേറ്റപ്പെടാതെ പോകരുത്. സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള ബാധ്യതകൾ നിറവേറ്റുന്നതിലാണ് ഇഹപര വിജയവും സൗഭാഗ്യവും കുടികൊള്ളുന്നത്.

വഞ്ചകരും മർദകരും അക്രമികളുമായ മൂന്നു വിഭാഗങ്ങളെ ശക്തമായി താക്കീത് ചെയ്യുകയാണ് ഖുദ്സിയായ ഈ ഹദീസ്. അല്ലാഹുവിന്റെ പേരിൽ കരാർ ചെയ്തശേഷം സ്വാർഥ താൽപര്യം മുൻനിർത്തി അത് ലംഘിക്കുന്നവരാണ് അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാകുന്ന ഒന്നാമത്തെ വിഭാഗം. 'കരാറ് ചെയ്യുന്ന പക്ഷം അല്ലാഹുവിന്റെ കരാറ് നിങ്ങൾ നിറവേറ്റുക, അല്ലാഹുവെ നിങ്ങളുടെ ജാമ്യക്കാരനാക്കിക്കൊണ്ട് നിങ്ങൾ ഉറപ്പിച്ച് സത്യം ചെയ്തശേഷം അത് ലംഘിക്കരുത്' (*അന്നഹ്ൽ* 91). 'നിങ്ങൾ കരാറ് നിറവേറ്റുക. തീർച്ചയായും കരാറിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുന്നതാണ്' (*അൽ ഇസ്റാഅ്* 34).

ഇങ്ങനെ നിരവധി ഖുർആൻ സൂക്തങ്ങൾ കരാറ് പാലനത്തിന്റെ മഹത്വവും കരാറ് ലംഘനത്തിന്റെ കഷ്ടനഷ്ടങ്ങളും വിളിച്ചോതുന്നുണ്ട്. ആളുകൾ പരസ്പരം ചെയ്യുന്ന കരാറുകൾ പാലിക്കപ്പെടാതെ പോകുന്നത് സമൂഹത്തിൽ ശിഥിലതയും അവിശ്വാസവും വളരാൻ കാരണമാകും.

അല്ലാഹു സവിശേഷമായി തെരഞ്ഞെടുത്ത് ആദരിച്ച മനുഷ്യപുത്രന്മാരെ നിന്ദ്യരും അടിമകളും തങ്ങളുടെ പാദസേവകരുമാക്കാൻ കൈയൂക്കുള്ളവർ ശ്രമിച്ചുകൊണ്ടിരിക്കും. ലോകാരംഭം മുതൽ തുടക്കമിട്ട ഈ പ്രക്രിയ ഇന്നും അവിരാമം തുടരുന്നു. എന്നാൽ, സ്രഷ്ടാവായ അല്ലാഹു ഒരാളെയും മറ്റൊരുത്തന്റെ അടിമയായി സൃഷ്ടിച്ചിട്ടില്ല. പ്രവാചകന്റെ ആഗമനത്തിനു മുമ്പ് അറേബ്യൻ ഉപദ്വീപിൽ നിലനിന്ന വലിയ സാമൂഹിക ദുരന്തങ്ങളിലൊന്നായിരുന്നു അടിമത്തം. അതാകട്ടെ, അറബികളുടെ സാമ്പത്തിക സ്രോതസ്സ് കൂടിയായിരുന്നു. മനുഷ്യജീവിതത്തിൽ സമൂല വിപ്ലവം വരുത്തിയ ഇസ്‌ലാമിന് പൊടുന്നനെ തുടച്ചുനീക്കാൻ സാധിക്കുന്നതായിരുന്നില്ല സാമൂഹിക-സാമ്പത്തിക മേഖലയുമായി കെട്ടുപിണഞ്ഞു കിടക്കുന്ന അടിമ വ്യവസ്ഥിതി. ജനങ്ങളെ മനുഷ്യരുടെ അടിമത്തത്തിൽനിന്ന് അല്ലാഹുവിന്റെ അടിമത്തത്തിലേക്ക് നയിക്കാനായി ഉദയം ചെയ്ത ഇസ്‌ലാം അതിന്റെ പ്രാരംഭ കാലം തൊട്ടേ ഈ സാമൂഹിക വിപത്ത് ഇല്ലാതാക്കാൻ തീവ്രശ്രമങ്ങളാരംഭിച്ചു. അടിമ വിമോചനത്തിന് വമ്പിച്ച പ്രതിഫലം വാഗ്ദാനം ചെയ്തതിനു പുറമെ കൊച്ചു കൊച്ചു തെറ്റുകൾക്ക് പോലും പ്രായശ്ചിത്തമായി അടിമ വിമോചനം നിശ്ചയിക്കുകയും ചെയ്തു.

ഹദീസിൽ പരാമർശിച്ചിട്ടുള്ള 'സ്വതന്ത്രനെ വിറ്റ് തിന്നുക'യെന്ന ഭാഗവും അടിമ വിമോചനവുമായി ബന്ധപ്പെട്ടതാണ്. സ്വതന്ത്രനായി പിറന്ന ദൈവസൃഷ്ടിയെ അടിമത്തത്തിന്റെ ആലയിൽ തളച്ചിടുകയെന്നത് വിശ്വാസികൾക്ക് ചേർന്നതല്ല. അടിമയെ ക്രയവിക്രയം നടത്തുന്നതും ഒരിക്കൽ സ്വതന്ത്രനാക്കിയ അടിമയെ വീണ്ടും അടിമത്തത്തിലേക്ക് തിരിച്ചുകൊണ്ടു പോകുന്നതും ഗുരുതരമായാണ് ഇസ്‌ലാം കാണുന്നത്. സ്വതന്ത്ര വ്യക്തിത്വവും ചിന്താശേഷിയുമുള്ള മനുഷ്യരുടെ മേൽ ആധിപത്യം ചെലുത്തുന്നതിനേക്കാൾ വലിയ അക്രമം മറ്റെന്താണുള്ളത്!

തൊഴിലാളികളോട് തൊഴിൽ ദാതാക്കൾ പുലർത്തേണ്ട സാമാന്യ മര്യാദയാണ് മൂന്നാമതായി പറയുന്നത്. തൊഴിലെടുത്ത് മാന്യമായി ജീവിക്കുന്നത് പ്രോത്സാഹിപ്പിച്ച ഇസ്‌ലാം അന്യരെ ആശ്രയിച്ചും യാചിച്ചും കഴിയുന്നത് നിരുത്സാഹപ്പെടുത്തി. ഒരു തൊഴിലും വില കുറഞ്ഞതല്ലെന്ന് പ്രഖ്യാപിച്ചു. തൊഴിലാളിയെ പ്രശംസിക്കുകയും ആദരിക്കുകയും ചെയ്തു.

തൊഴിലാളിയും തൊഴിൽ ദാതാവും തമ്മിലുള്ള ബന്ധവും പെരുമാറ്റ മര്യാദകളും കൃത്യമായി പഠിപ്പിച്ചിട്ടുണ്ട് പ്രവാചകൻ. അന്താരാഷ്ട്ര തൊഴിലാളി സംഘടനകളും നേതാക്കളും മുന്നോട്ടുവെച്ചതിനേക്കാൾ പ്രായോഗികവും മൂർത്തവുമാണ് ആ തൊഴിൽ നിയമങ്ങൾ. തൊഴിൽ ദാതാവിനെ വഞ്ചിക്കരുതെന്ന് തൊഴിലാളിയെയും അധ്വാനത്തിനുള്ള മതിയായ വേതനം പൂർണമായും നൽകണമെന്ന് തൊഴിലുടമയെയും ഉണർത്തി. തൊഴിലാളിയുടെ വിയർപ്പ് വറ്റും മുമ്പെ 'വരമ്പത്ത്' വെച്ച് കൂലി കൊടുക്കണമെന്ന് പഠിപ്പിച്ച മറ്റേതു ദർശനമുണ്ട് ലോകത്ത്! ●